21/11/17

<u>വിവരാവകാശനിയമം - 2005</u>

A10-50647/17

കളക്ടറേറ്റ്, തൃശ്ശൂർ
തിയ്യതി 07-11-2017
ഇ-മെയിൽ - tsrcoll.ker@nic.in

പ്രേഷിതൻ,

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ & ഹുസൂർ ശിരസ്തദാർ
കളക്ടേറ്റ്, തൃശ്ശൂർ

സ്വീകർത്താവ്

ശ്രീ. രാമദാസൻ സി.എസ്
കളരിക്കൽ വീട്
ചൂണ്ടൽ പി.ഒ
തൃശ്ശൂർ 680502

5520/17

സർ,

വിഷയം:- വിവരാവകാശനിയമം - 2005- അപേക്ഷയിൽ മറുപടി സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 03/11/2017 ലെ വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ അപേക്ഷ.

*********

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ 03/11/2017 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ പരാമർശിച്ച 2015 കരിതൽ ബിഎസ്-575685 Docket നമ്പർ പ്രകാരമുള്ള അപേക്ഷ (രസീതി നമ്പർ JSP/H01/2015) ഓൺലൈൻ വഴി ജില്ലാ ഓഫീസർ, സാമൂഹ്യ നീതി വകുപ്പ് ഓഫീസിലേക്ക് അയച്ചിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച തുടർനടപടിയുടെ പകർപ്പ് ലഭിക്കുന്നതിനായി സൂചനപ്രകാരം താങ്കൾ സമർപ്പിച്ചിരുന്ന അപേക്ഷ വിവരാവകാശനിയമം സെക്ഷൻ 6(3) പ്രകാരം ജില്ലാ ഓഫീസർ, സാമൂഹ്യ നീതി വകുപ്പ് ഓഫീസിലേക്ക് 07/11/2017 നാ അയച്ചുകൊടുത്തിട്ടുണ്ട്. തുടർന്നുള്ള വിവരങ്ങൾക്കായി ജില്ലാ ഓഫീസർ, സാമൂഹ്യ നീതി വകുപ്പ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

അപ്പീൽ അധികാരി : ഡെപ്യൂട്ടി കളക്ടർ(ജനറൽ), കളക്ടറേറ്റ്, തൃശ്ശൂർ
അപ്പീൽ കാലാവധി : 30 ദിവസം

വിശ്വസ്തതയോടെ,

റേച്ചൽ.കെ.വർഗീസ്
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ
ഓഫീസർ & ഹുസൂർ ശിരസ്തദാർ
കളക്ടറേറ്റ്, തൃശ്ശൂർ
ഫോൺ 0487-2433411

പകർപ്പ് :ജില്ലാ ഓഫീസർ, സാമൂഹ്യ നീതി വകുപ്പ് ഓഫീസ്, ചെമ്പുക്കാവ്, തൃശ്ശൂർ 680020

സൂചനപ്രകാരമുള്ള അപേക്ഷയുടെ പകർപ്പ് വിവരാവകാശനിയമം സെക്ഷൻ 6(3) പ്രകാരം ഇത് സഹിതം അയക്കുന്നു. അപേക്ഷകക്ക് നിശ്ചിതസമയത്തിനുള്ളിൽ നേരിട്ട് മറുപടി നൽകി ആയതിന്റെ പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

03.11.2017.

## വിവരാവകാശനിയമപ്രകാരം സമർപ്പിക്കുന്നത്.

പ്രേഷിതൻ


രാമദാസൻ.സി.എസ്. mob:9645283444
കുറിഞ്ഞാൽ വീട്, പൂങ്കുന്നം.P.O
തൃശൂർ-680502.


10 Rs. COURT FEE १० रु. भारत INDIA दस रुपये TEN RUPEES

COLLECTORATE Date: 3/11/17 THRISSUR

സ്വീകർത്താവ്

ബഹു: ജില്ലാ കളക്ടർ,
അയ്യന്തോൾ, തൃശൂർ.

സർ, തൃശൂർ സിവിൽ സ്റ്റേഷൻ 54-ാം ഡിവിഷനിൽ, ICDS ന്റെ കീഴിൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അംഗൻവാടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് സ്വകാര്യ വ്യക്തിയുടെ ഷെഡ്ഡിൽ വളരെ ഇടുങ്ങിയ ഒരു ഒറ്റമുറിയിലാണ്. ഇവിടേക്ക് കുട്ടികളെ അയക്കുന്നതിന്, രക്ഷകർത്താക്കൾ തയ്യാറാകുന്നില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായിക്കാണുന്നതിന് ജനപ്രതിനിധികളും സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശ്രമങ്ങൾ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിമാരും കൂടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വർഷങ്ങളായി ഞാനും ഇടപെട്ടുകൊണ്ടിരിക്കുന്നുണ്ട്.

പക്ഷേ ആവശ്യമായ മറ്റൊരു പുരോഗതിയും ഉണ്ടായിക്കാണുന്നതിന് നാളിതുവരെയായിട്ടും സാധിച്ചിട്ടില്ലെന്നത് മനസ്സിലാക്കുന്നു. ആയതിനാൽ 13.05.2015 തിയ്യതിയിൽ അംഗൻവാടി വെൽഫെയർ കമ്മിറ്റി സമർപ്പിച്ച ഒരു അപേക്ഷയിന്മേലുള്ള വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നു.

Ref:- കൈപ്പറ്റ് രസീത് no: JSP/1101/2015. കളക്ടറേറ്റ് തൃശൂർ, തിയ്യതി 13.05.2015

1. സൂചനയിൽ പറയുന്ന പ്രകാരം അപേക്ഷയുടെ നിലവിലുള്ള "സ്ഥിതി" എന്താണ്?
2. ടി. അപേക്ഷയുമായി ബന്ധപ്പെട്ട്, തുടർനടപടികൾക്കായി ഏതെല്ലാം ഓഫീസുകളിലേക്ക് ഫയലുകൾ നീക്കിയിട്ടുണ്ട്? ഓഫീസുകളുടെ പേരും ഫയൽനമ്പറും തിയ്യതിയും ഏതെല്ലാമാണ്?
3. ടി. വിഷയവുമായി ബന്ധപ്പെട്ട് വിവരങ്ങൾ അറിയുന്നതിന് ഏതെല്ലാം ഓഫീസുകളുമായി ബന്ധപ്പെടേണ്ടതുണ്ട്?

താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.
വിശ്വസ്തതയോടെ,
(ഒപ്പ്)
RAMADASAN. C.S.

തൃശൂർ,
03.11.2017.

5064/17 A10
4/11/17 A10
58326

ഫയൽ നമ്പർ- ബി 2 /34197/2017

കളക്ടറേറ്റ് തൃശ്ശൂർ
തിയതി -29/07/2017

പ്രേഷകൻ

ജില്ലാ കളക്ടർ,

തൃശ്ശൂർ

സ്വീകർത്താവ്,

തഹസിൽദാർ,

തൃശ്ശൂർ

സർ ,

വിഷയം - അയ്യന്തോൾ സിവിൽ സ്റ്റേഷൻ ഡിവിഷൻ 54 ലെ 47-ാം നമ്പർ അംഗനവാടിക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന - ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ കുറിപ്പ്

**************************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അയ്യന്തോൾ സിവിൽ സ്റ്റേഷൻ ഡിവിഷൻ 54 ലെ 47 -ാം നമ്പർ അംഗനവാടിക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുള്ളതാണ്. അംഗനവാടി വെൽഫെയർ കമ്മിറ്റി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അയ്യന്തോൾ സബ് രജിസ്റ്റാർ ഓഫീസിനും, എൻ.ജി.ഒ ക്വാർട്ടേഴ്സ് ആർ.എച്ച്.ഇ 5-എ കെട്ടിടത്തിനും ഇടയിൽ അരണാട്ടുക്കര വില്ലേജ് സർവ്വെ 223/4 ൽപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയോ, മറ്റ് ഏതെങ്കിലും സ്ഥലമോ ലഭിക്കുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളത്.

ആയതിനാൽ പ്രസ്തുത അപേക്ഷ പ്രകാരം പരാമർശിച്ചിട്ടുള്ള ഭൂമി അംഗനവാടി നിർമ്മിക്കുന്നതിന് അനുയോജ്യമാണോയെന്നും, മേൽ ആവശ്യത്തിനായി മറ്റേതെങ്കിലും സ്ഥലം ലഭ്യമാണോയെന്നും വിശദമായി പരിശോധിക്കേണ്ടതും പ്രസ്തുത ഭൂമിയെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ (ബി.ടി.ആർ പകർപ്പ്, സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ്, എഫ്.എം.ബി, ലോക്കേഷൻ സ്കെച്ച്) സഹിതം വിശദമായ റിപ്പോർട്ട് അടിയന്തിരമായി ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(Sd/-)

ജൂനിയർ സൂപ്രണ്ട് (എൽ.ആർ)

ജില്ലാ കളക്ടർക്കു വേണ്ടി

ഉള്ളടക്കം - സൂചന പ്രകാരം ലഭിച്ച കുറിപ്പും ഉള്ളടക്കങ്ങളും.